പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2255 — 13.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതിയുടെ പ്രസരണനഷ്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിൽ ഇപ്പോൾ വൈദ്യുതിയുടെ പ്രസരണനഷ്ടം എത്ര ശതമാനമാണ് എന്നറിയിക്കുമോ; | (എ) | 31.03.2012—ലെ കണക്കനുസരിച്ച് കേരള ത്തിലെ പ്രസരണ-വിതരണ നഷ്ടം 15.65% ആണ്. |
| (ബി) | 2006 ഏപ്രിൽ മാസത്തിലും, 2011 ഏപ്രിൽ മാസത്തിലും പ്രസരണ നഷ്ടം എത്രയായിരുന്നു എന്ന് വിശദമാക്കാമോ; | (ബി) | 2006 ഏപ്രിൽ മാസത്തെ പ്രസരണ വിതരണ നഷ്ടം 21.47%ഉം. 2011 ഏപ്രിൽ മാസത്തെ പ്രസരണ വിതരണ നഷ്ടം 16.09% ഉം ആണ്. |
| (സി) | വൈദ്യുതി ബോർഡിന്റെ സഞ്ചിതകടം ഇപ്പോൾ എത്രയാണ്; ഇത് 2011 മാർച്ചിൽ എത്രയായിരുന്നു എന്ന് വിശദമാക്കാമോ; | (സി) | 2010-11 സാമ്പത്തിക വർഷാവസാനത്തെ സഞ്ചിതകടം (മൂലധനവായ്പയും, ഓവർഡ്രാഫ്റ്റും ഉൾപ്പെടെ) 1384.14 കോടി രൂപയും, 2011-12 സാമ്പത്തിക വർഷാവസാനത്തിലെ സഞ്ചിതകടം 2470.83 കോടി രൂപയുമാണ്. 2012-13 ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. |
| (ഡി) | വൈദ്യുതിബോർഡിൽ പവ്വർ പർച്ചേയ്സ് കമ്മറ്റികൾ ഇപ്പോൾ നിലവിലുണ്ടോ; | (ഡി) | പവ്വർ പർച്ചേയ്സ് കമ്മറ്റികൾ നിലവിലില്ല. എന്നാൽ, വൈദ്യുതി വാങ്ങൽ സംബന്ധമായ നയപരമായ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിന്, കെ.എസ്.ഇ. ബോഡിലെ ഫിനാൻസ് മെമ്പറിന്റെയും ട്രാൻസ്മിഷൻ & ജനറേഷൻ (ഓപ്പറേഷൻസ്) മെമ്പറിന്റെയും നേതൃത്വത്തിൽ കോർ കമ്മിറ്റിയും, മെമ്പർ (ട്രാൻസ്മിഷൻ & ജനറേഷൻ ഓപ്പറേഷൻസ്) -ന്റെ നേതൃത്വത്തിൽ എല്ലാം മാസവും വൈദ്യുതി ആവശ്യകതയും ലഭ്യതയും സംബന്ധിച്ചുള്ള അവലോകനയോഗവും നടത്തുന്നുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ, ഇവ സജീവമായി നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | വൈദ്യുതി ഉൽപാദനം, വൈദ്യുതി വാങ്ങൽ തുടങ്ങിയ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് ടി കമ്മിറ്റികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ഓഫീസർ.